"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്- മൈനിംഗ് & ജിയോളജി - പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്വാറിയിലെ അധിക ഖനനവുമായി ബന്ധപ്പെട്ട് ചുമത്തിയിരുന്ന പിഴ(ഡിമാന്റ് തുക) ഗഡുക്കളായി അടയ്ക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.643/2026/ID തീയതി,തിരുവനന്തപുരം, 12-06-2026

---

പരാമർശം:-

1. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ.
2. 2015-ലെ കേരള മിനറൽസ്( പ്രിവെൻഷൻ ഓഫ് ഇല്ലീഗൽ മൈനിങ്ങ് സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ.
3. 22.01.2015-ലെ മൈനിങ്ങ് & ജിയോളജി ഡയറക്ടറുടെ 736/2014-15/250/M3/2015 നമ്പർ നടപടിക്രമം
4. 21.10.2025-ലെ 16/2025-26/OE/QP/DOKOZ-DMG/519/2025-M നമ്പർ ക്വാറിയിങ്ങ് പെർമിറ്റ് അനുമതി.
5. കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റിന്റെ 05.05.2026 ലെ DOKOZ-DMG/1324/2023-M നമ്പർ ഡിമാന്റ് നോട്ടീസ്
6. കോഴിക്കോട് പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ശ്രീ. വിനോദ് ജെയ്ൻ സമർപ്പിച്ച 08.05.2026-ലെ അപേക്ഷ.

**ഉത്തരവ്**

കരിങ്കല്ല് ഖനനത്തിന് സൂചന (2) പ്രകാരം ക്വാറിയിങ് ലീസും സാധാരണ മണ്ണ് ഖനനത്തിന് സൂചന (5) ക്വാറിയിങ് പെർമിറ്റും പ്രാബല്യത്തിൽ ഉള്ള കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ കീഴരിയൂർ വില്ലേജിൽ സർവ്വേ നമ്പർ 80/1A1 ൽ പ്പെട്ട 2.428 ഹെക്ടർ സ്ഥലത്ത് പ്രവർത്തിക്കുന്ന പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്വാറിയിൽ 18.04.2026ന് ജില്ലാ ജിയോളജി ഓഫീസിൽനിന്നും നടത്തിയ സ്ഥലപരിശോധനയിൽ ക്വാറിയിങ് ലീസ് ഏരിയ്ക്ക് വടക്കുഭാഗത്തായി 89 ആർ സ്ഥലത്തുനിന്നും ശരാശരി 3 മീറ്റർ ആഴത്തിൽ 26700 ക്യൂബിക് മീറ്റർ കരിങ്കല്ലും, സാധാരണ മണ്ണ് ഖനനത്തിന് നൽകിയിരുന്ന അനുമതി ഉപയോഗിച്ച് 2540 ക്യൂബിക് മീറ്റർ കരിങ്കല്ലും ചേർത്ത് 29240 ക്യൂബിക് മീറ്റർ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്ത് ശേഖരിച്ചിട്ടുള്ളതായും ക്വാറിയിങ്ങ് പെർമ്മിറ്റുകൾക്ക് പുറത്ത് ഏകദേശം 96.34 ആർ സ്ഥലത്തുനിന്നും ശരാശരി 1 മീറ്റർ ആഴത്തിൽ 9634 ക്യൂബിക് മീറ്റർ സാധാരണ മണ്ണും നീക്കം ചെയ്തതായി തിട്ടപ്പെടുത്തുകയും പരാമർശം (1) ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരം അനധികൃത ഖനനത്തിന് പരാമർശം (5) പ്രകാരം ₹2,18,97,600/- രൂപയുടെ ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിരുന്നു.

2) ഭാരത്മാല പരിയോജന പദ്ധതി പ്രകാരം രാജ്യത്തെ പ്രധാന വികസന പദ്ധതികളിൽ ഒന്നായ കോഴിക്കോട് ജില്ലയിലെ അഴിയൂർ മുതൽ വെങ്ങളം വരെയുള്ള 6 ലെയ്ൻ ദേശീയപാതയുടെ വികസന പ്രവർത്തനങ്ങൾ താൻ ഡയറക്ടറായ "വാഗഡ് ഇൻഫ്രാ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്" എന്ന കമ്പനിയാണ് നടത്തുന്നതെന്നും സമയബന്ധിതമായ പദ്ധതിയായതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്വാറി ഉൽപ്പന്നങ്ങളുടെ ആവശ്യകത കാരണം, കൊയിലാണ്ടി താലൂക്കിലെ കീഴരിയൂർ

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന "പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്" എന്ന ക്വാറി ഏറ്റെടുത്തുവെന്നും 21/1/2015 ൽ രജിസ്റ്റർ ചെയ്ത ക്വാറിയിംഗ് ലീസിൽ ഉൾപ്പെടുത്തിയിട്ടുള്ള മുഴുവൻ പ്രദേശവും മുൻ പരിസ്ഥിതി അനുമതി കാലയളവിനുള്ളിൽ ഖനനം ചെയ്യാൻ കഴിയാത്തതിനാൽ മുൻ പരിസ്ഥിതി അനുമതിയുടെ ബാക്കി പ്രദേശം ഉൾപ്പെടെ 9/1/2022-ൽ 4.9237 ഹെക്ടർ സ്ഥലത്ത് പുതിയ പരിസ്ഥിതി അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ദേശീയ താൽപ്പര്യത്തിനും പൊതുജനങ്ങൾക്കും വേണ്ടിയുള്ള ദേശീയ പാത നിർമ്മാണ പദ്ധതിയായതിനാൽ കോഴിക്കോട് ജില്ലാ ജിയോളജിസ്റ്റ് സമർപ്പിച്ചിരിക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക 8 തുല്യ ഗഡുക്കളാക്കി ഒടുക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്നും പയ്യോളി ഗ്രാനൈറ്റ്സ് പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ശ്രീ. വിനോദ് ജെയ്ൻ പരാമർശം(6) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ അഴിയൂർ മുതൽ വെങ്ങളം വരെയുള്ള 6 ലെയ്ൻ വരെയുള്ള ദേശീയപാതയുടെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായ പൂർത്തിയാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ക്വാറി ഉൽപ്പന്നങ്ങളുടെ ആവശ്യകതയാണ് പരാമർശം(5) ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുന്നതിന് ഇടയാക്കിയ ഖനനത്തിന് കാരണം എന്ന സ്ഥാപന ഉടമയുടെ വാദം പരിഗണിച്ച്, ദേശീയ താൽപ്പര്യത്തിനും പൊതുജനങ്ങൾക്കും വേണ്ടിയുള്ള ദേശീയ പാത നിർമ്മാണ പദ്ധതി എന്ന നിലയിൽ, അനധികൃത ഖനനത്തിന് പയ്യോളി ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡിന് നൽകിയിട്ടുള്ള പരാമർശം(5) ഡിമാന്റ് നോട്ടീസിലെ തുക (അനധികൃതമായി ഖനനം ചെയ്ത 73100 മെട്രിക് ടൺ കരിങ്കല്ലിന് (ടണ്ണിന് 48 രൂപ റോയൽറ്റി) 17544000/- രൂപയും അനധികൃത സാധാരണ മണ്ണ് ഖനനത്തിന്(ടണ്ണിന് 40 രൂപ നിരക്കിൽ) 19268 മെട്രിക് ടണ്ണിന് 3853600/- രൂപയും പിഴയിനത്തിൽ 500000/-രൂപയും ചേർത്ത് ആകെ 2,18,97,600/- രൂപ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 115 പ്രകാരം ആറ് തുല്യ മാസ ഗഡുക്കളാക്കി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ, അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ. വിനോദ് ജെയ്ൻ, ഡയറക്ടർ, പയ്യോളി ഗ്രാനൈറ്റ്സ് പ്രൈ ലിമിറ്റഡ് , കോഴിക്കോട്
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി (എ4/263/2026 -വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 12-06-2026 13:59:06